പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 346 — 12.06.2012-ൽ മറുപടിയ്ക്ക്

## കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതി.

**ചോദ്യം**

ശ്രീ. എ. എ. അസീസ് :

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് ഓരോ മാസവും ലഭ്യമാക്കുന്ന വൈദ്യുതിയുടെ 2011 മാർച്ച് മാസം മുതലുള്ള കണക്ക് ലഭ്യമാക്കാമോ ;

(എ) കേന്ദ്രപൂളിൽ നിന്നും സംസ്ഥാനത്തിന് ഓരോ മാസവും ലഭ്യമായിട്ടുള്ള വൈദ്യുതിയുടെ 2011 മാർച്ച് മാസം മുതൽ 2012 ഏപ്രിൽ വരെയുള്ള കണക്ക് താഴെ ചേർക്കുന്നു.

| മാസം | ലഭിച്ച വൈദ്യുതി (ദശലക്ഷം യൂണിറ്റ്) |
|---|---|
| 2011 മാർച്ച് | 728.35 |
| 2011 ഏപ്രിൽ | 675.80 |
| 2011 മെയ് | 746.67 |
| 2011 ജൂൺ | 713.33 |
| 2011 ജൂലൈ | 614.39 |
| 2011 ആഗസ്റ്റ് | 639.27 |
| 2011 സെപ്റ്റംബർ | 554.73 |
| 2011 ഒക്ടോബർ | 565.18 |
| 2011 നവംബർ | 632.94 |
| 2011 ഡിസംബർ | 726.26 |
| ജനുവരി 2012 | 801.83 |
| ഫെബ്രുവരി 2012 | 776.55 |
| മാർച്ച് 2012 | 842.79 |
| ഏപ്രിൽ 2012 | 839.42 |

(ബി) കേന്ദ്ര പൂളിൽ നിന്നും ലഭ്യമാക്കുന്ന വൈദ്യുതിയുടെ അളവിൽ കുറവ് വന്നിട്ടുണ്ടോ ;

(ബി) കേന്ദ്ര പൂളിൽ നിന്നും ലഭ്യമാക്കുന്ന വൈദ്യുതിയുടെ അളവ് കേന്ദ്ര വൈദ്യുതി നിലയങ്ങളിലെ ജനറേറ്ററുകളുടെ ഉത്പ്പാദനത്തിനനുസൃതമാണ്. ദൈനംദിന അറ്റകുറ്റപ്പണികൾ മൂലവും മറ്റു തകരാറുകൾ മൂലവും ഉണ്ടാകാറുള്ള ഉത്പ്പാദന കുറവുകൾക്ക് പുറമെ തെലുങ്കാന സമരംമൂലം ഉണ്ടായ കൽക്കരി ക്ഷാമം, കൽക്കരി നിലയങ്ങളായ താൽച്ചർ, രാമഗുണ്ടം എന്നിവിടങ്ങ

ളിൽ നിന്നുള്ള വൈദ്യുതോൽപ്പാദനത്തെ കാര്യമായി ബാധിക്കുകയും ഈ നിലയങ്ങളിൽ നിന്നുള്ള കേന്ദ്ര വിഹിതത്തിൽ ഗണ്യമായ കുറവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ സതേൺ ഗ്രിഡിലെ പ്രധാന ലൈനുകളിലുണ്ടാകുന്ന തകരാറുകളും കേന്ദ്രവിഹിതം കൃത്യമായി ലഭിക്കുന്നതിന് തടസ്സമാകാറുണ്ട്.

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഈ കുറവ് പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വിശദമാക്കുമോ ? | (സി) | സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിനായി നവംബർ 2011 മുതൽ മാർച്ച് 2012 വരെ ഡൽഹി സറണ്ടർ ചെയ്ത വൈദ്യുതി കേന്ദ്ര പൂളിൽ നിന്നും അധികം ലഭിക്കുന്നതിനായി കേരളം ആവശ്യപ്പെട്ടിരുന്നു. ഇതിൻ പ്രകാരം ഇന്ദിരാഗാന്ധി STPS ഝജ്ജർ പ്ലാൻറിൽ നിന്നും ഏപ്രിൽ 1 മുതൽ 20 വരെ 50 MW യും ഏപ്രിൽ 21 മുതൽ 100 MW യും വൈദ്യുതി ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.